ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 198 സ്വാശ്രയ പ്രൊഫഷണൽ കോളേജുകളാണ് ഇതിനകം പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്.

(ബി) എഞ്ചിനീയറിംഗ് കോളേജുകൾ 64

മെഡിക്കൽ കോളേജുകൾ 8

മറ്റുള്ളവ 126

സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ 2003-2004-ൽ ആകെ 14490 സീറ്റുകളാണ് ഉണ്ടായിരുന്നത്. ഇതിൽ 1461 സീറ്റുകൽ ഒഴിഞ്ഞു കിടന്നിരുന്നു.

സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ—പിരിച്ച അധിക ഫീസ് മടക്കി നൽകാൻ നടപടി

146 [765] ശ്രീ. ടി. പി. രാമകൃഷ്ണൻ:

„ മഞ്ഞളാംകുഴി അലി:

„ വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ മെരിറ്റ് സീറ്റുകളിൽ കഴിഞ്ഞ വർഷം പ്രവേശനം ലഭിച്ച വിദ്യാർത്ഥികളിൽ നിന്ന് ഈ വർഷം ഗവൺമെന്റ് കോളേജുകളിലെ വിദ്യാർത്ഥികളിൽ നിന്ന് ഈടാക്കുന്ന നിരക്കിൽ ഫീസ് ഈടാക്കിയാൽ മതി എന്ന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം കോഴ്സുകൾക്കാണ് ഈ തീരുമാനം ബാധകമാക്കിയിട്ടുള്ളത്;

(സി) മെറിറ്റ് സീറ്റിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ കഴിഞ്ഞ വർഷം നൽകിയ കൂടുതൽ നിരക്കിലുള്ള ഫീസ് തിരികെ നൽകുന്നതിനാവശ്യമായ നിർദ്ദേശം മാനേജ്മെന്റുകൾക്ക് നൽകുമോ?

ഉത്തരം

(എ ആന്റ് ബി) ഉണ്ട്. ഇതു സംബന്ധിച്ച് 29-6-2004-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് ജി. ഒ. (ആർ. ടി.) നമ്പർ 867/04/ഉവിവ.ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 29-6-2004-ലെ സർക്കാർ ഉത്തരവ് ജി.ഒ.(ആർ. ടി.) നമ്പർ 867/2004/ഉവിവ. പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ 2003-04 അദ്ധ്യയന വർഷം ഈടാക്കിയ അധിക ഫീസ്

147 [766] ശ്രീ. ഷിബു ബേബി ജോൺ:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ മെരിറ്റടിസ്ഥാനത്തിൽ പ്രവേശനം ലഭിച്ച കുട്ടികളിൽ നിന്നും 2003-04 അദ്ധ്യയന വർഷം 35,000 രൂപയോളം ഫീസ് ഇനത്തിൽ ഈടാക്കിയിട്ടുണ്ടോ;

(ബി) ഈ അദ്ധ്യയന വർഷം പ്രസ്തുത തുക സർക്കാർ കോളേജിലേതിന് തുല്യമാക്കി മാറ്റിയിട്ടുണ്ടോ;

(സി) കഴിഞ്ഞ വർഷം കൂടുതൽ തുക അടച്ച കുട്ടികൾക്ക് വരും വർഷങ്ങളിലെ ഫീസിൽ പ്രസ്തുത തുക തട്ടി കിഴിക്കുവാനോ അല്ലെങ്കിൽ അധികമായി വാങ്ങിയ തുക മടക്കി നൽകുവാനോ ഉള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ അനുകൂല നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) വാർഷിക വരുമാനം 60,000 രൂപയിൽ കൂടിയവരിൽ നിന്നും ഫീസിനത്തിൽ മാത്രം 36,000 രൂപയും, അല്ലാത്തവരിൽ നിന്നും ഫീസിനത്തിൽ മാത്രം 18,000 രൂപയും ഈടാക്കിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി ആന്റ് ഡി) ഉണ്ട്. ഇതു സംബന്ധിച്ച 29-6-2004-ൽ സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് ജി.ഒ.(ആർ.ടി.) നമ്പർ 867/2004/ഉവിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

അട്ടപ്പാടിയിലെ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് സൗകര്യം

148[768] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ വിദ്യാർത്ഥികൾക്ക് പ്ലസ്ടുവിന് ശേഷമുള്ള ഉപരിപഠനത്തിന് സൗകര്യങ്ങളില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രശ്നം പരിഹരിക്കുന്നതിന് അട്ടപ്പാടിയിൽ ഒരു സർക്കാർ കോളേജ് ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly